"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. മൈക്കിൾ സി. യ്ക്ക് എതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.335/2025/LSGD തീയതി,തിരുവനന്തപുരം, 03-02-2025

---

പരാമർശം:-

1. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26/08/2021 ലെ DDP-MPM/1603/2021-D4 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 06/11/2022 തീയതിയിലെ PAN-11443-2021-D4(DP) നമ്പർ കുറ്റാരോപണ മെമ്മോ.
3. 07/08/2024 തീയതിയിലെ ഇപിബി3/103/2024/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ. സി. മൈക്കിൾ 02/09/2024 ന് സമർപ്പിച്ച എതിർവാദ പത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/12/2024 ലെ LSGD/PD/7532/2023-VIGD2 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിൽ പുഴയ്ക്ക് കുറുകെ സ്വകാര്യവ്യക്തി പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടർ മുഖാന്തിരം ലഭ്യമായ പരാതിയിൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ, നിർദ്ദിഷ്ട പാലം നിർമ്മാണം സംബന്ധിച്ച നിയമനാനുസൃതമല്ലാത്ത പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ കൈക്കൊള്ളേണ്ട നടപടി സ്വീകരിക്കാത്തതിലും നടപടിക്രമങ്ങൾ പാലിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് ഉപദേശം നൽകുന്നതിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി. മൈക്കിൾ-ന് വീഴ്ച സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു.

2. ശ്രീ. പി.റ്റി. ജോസഫ്, ശ്രീ. കെ.എം.സെബാസ്റ്റ്യൻ എന്നിവർ 16/11/2018 തീയതി നൽകിയ അപേക്ഷ പ്രകാരം ചോക്കാട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 24/11/2018 ലെ 18 (1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചോക്കാട് പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന് ഒരു വ്യവസ്ഥയും, നിബന്ധനയും വയ്ക്കാതെ എസ്റ്റേറ്റ് ഉടമകളുടെ ചെലവിൽ പാലം പുതുക്കി പണിയുന്നതിന് അനുമതി നൽകിയതിൽ , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ *182(1)*

ഉപവകുപ്പ് പ്രകാരം പഞ്ചായത്ത് പരിഗണനയ്ക്ക് വരുന്ന ഏതൊരു സംഗതിയിലും സെക്രട്ടറിയുടെ അഭിപ്രായം രേഖപ്പെടുത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണെന്നിരിക്കേയും 1995 ലെ കേരള പഞ്ചായത്ത് രാജ് പഞ്ചായത്തിന്റെ യോഗ നടപടിക്രമ ചട്ടങ്ങളിലെ 5 (4) ചട്ട പ്രകാരം പഞ്ചായത്തിന്റെ പരിഗണനക്കായി അജണ്ടയിൽ ഉൾപ്പെടുത്തിയ ഏതൊരു വിഷയത്തെ സംബന്ധിച്ചും ആക്ടിലേയും, ചട്ടങ്ങളിലേയും വ്യവസ്ഥയനുസരിച്ച് തീരുമാനമെടുക്കുന്നതിനാവശ്യമായ ഉപദേശം പഞ്ചായത്തിന് നൽകുവാൻ സെക്രട്ടറിക്ക് ബാധ്യതയുമുണ്ടെന്നിരിക്കെ , ഗ്രാമപഞ്ചായത്ത് യോഗത്തിന് നൽകിയ അജണ്ട കുറിപ്പിലോ, പഞ്ചായത്ത് ഭരണസമിതി യോഗത്തിലോ സെക്രട്ടറിയെന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് ഉചിതമായ നിയമോപദേശം നൽകാത്തതിൽ ടിയാന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ട് മേൽ കൃത്യവിലോപത്തിനും, ചട്ട ലംഘനത്തിനും ജാഗ്രതക്കുറവിനും ടിയാനെതിരെ KCS (CC&A) ചട്ടം 16 വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി വകുപ്പു തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. പരാമർശ കാലയളവിൽ കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. മൈക്കിൾ മേൽ കുറ്റപത്രം 27/12/2023 ന് കൈപ്പറ്റിയിരുന്നെങ്കിലും 31/01/2024 ൽ ടിയാൾ സേവനത്തിൽ നിന്ന് വിരമിക്കുന്നതുവരേയും ആയതിന്റെ കൈപ്പറ്റ് പകർപ്പോ, എതിർവാദ പത്രികയോ ലഭ്യമാക്കിയിരുന്നില്ല.

3. ശ്രീ. സി. മൈക്കിളിന് എതിരായിട്ടുള്ള അച്ചടക്കനടപടിയിൽ ടിയാൻ എതിർവാദ പ്രതിക സമർപ്പിച്ചിട്ടില്ലാത്തതിനാലും, ടിയാനെതിരായ ആരോപണം നിലനിൽക്കുന്നതിനാലും, ടിയാൻ 31/01/2024 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാനെതിരെ സർക്കാർ തലത്തിൽ നടപടി തുടരുന്നതിന്റെ ഭാഗമായി KSR പാർട്ട് 3 ചട്ടം 3(എ) പ്രകാരം 500/-രൂപ വീതം പ്രതിമാസ പെൻഷനിൽ നിന്നും ഒരു വർഷത്തേയ്ക്ക് കുറവ് വരുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

4. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സി. മൈക്കിൾ പരാമർശം (4) പ്രകാരം സമർപ്പിച്ച മറുപടിയിൽ, 2018 ൽ ചോക്കാട് ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശത്തും വൻജലപ്രളയം ഉണ്ടായിട്ടുള്ളതാണെന്നും ആഗസ്റ്റ് മാസം ഉണ്ടായ ഈ മഹാപ്രളയത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തിൽ വൻ നാശനഷ്ടങ്ങൾ ഉണ്ടാവുകയും പ്രളയത്തിൽ പന്നിക്കോട്ടുമുണ്ട ഭാഗത്തുള്ള പുഴഞ്ചിറ എന്ന എസ്റ്റേറ്റിലേക്കുള്ള പാലം ഒലിച്ചു പോയിരുന്നുവെന്നും പുഴഞ്ചിറ എസ്റ്റേറ്റിൽ സ്ഥലവാസികളായ തൊഴിലാളികൾക്ക് ജോലി ചെയ്ത് ഉപജീവനം നടത്താനുള്ള സാഹചര്യം പാലം പോയതോടെ ഇല്ലാതായതായും, ഇത്തരം അസാധാരണ സാഹചര്യത്തിലാണ് പാലം പുതുക്കി പണിയുന്നതിനുള്ള അപേക്ഷ 24.11.2018 തീയതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി പരിഗണിച്ചതെന്നും, ഗ്രാമവാസികളായ പ്രസിഡന്റും ജനപ്രതിനിധികളും ഇതേ

ആവശ്യത്തിൽ ഉറച്ച് നിന്നതായും, ജലപ്രളയത്തിൽ കടുത്ത കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതും വർഷങ്ങളായി പൊതു ഉപയോഗത്തിലുണ്ടായിരുന്നതുമായ ആ പാലം പുതുക്കി പണിയേണ്ടതാണ് എന്നതായിരുന്നു കമ്മിറ്റിയുടെ പൊതു താൽപര്യമെന്നും പഞ്ചായത്തിനോ സർക്കാരിനോ നഷ്ടമുണ്ടാകാത്ത തരത്തിൽ പുതുക്കി പണിയുന്നതിന് ലഭിച്ച അപേക്ഷ പരിഗണനയിൽ വരികയായിരുന്നുവെന്നും പുതുതായി നിർമ്മിക്കുന്നതിനുള്ള അനുമതിയൊന്നും നൽകിയിട്ടില്ലെന്നും പൊതുജന താൽപര്യം പരിഗണിച്ചും പ്രകൃതി ദുരന്തത്താലുണ്ടായ സഞ്ചാര സൗകര്യ കെടുതികൾ പരിഹരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് കമ്മിറ്റി അപേക്ഷ പരിഗണിച്ച് അനുമതി നൽകുകയാണുണ്ടായതെന്നും ടിയാൻ ബോധിപ്പിക്കുകയുണ്ടായി. പൊതുജനങ്ങൾക്ക് ഗുണകരമാകും എന്ന് ഉത്തമ വിശ്വാസം ഉണ്ടായിരുന്നതിനാലാണ് ഗ്രാമപഞ്ചായത്ത് യോഗത്തിന് നൽകിയ അജണ്ടകുറിപ്പിലോ, ഭരണസമിതി യോഗത്തിലോ, തീരുമാനത്തിലോ, അഭിപ്രായം രേഖപ്പെടുത്തതിരുന്നതെന്നും, ടി വിഷയം ജില്ലാ കളക്ടർ പിന്നീട് പരിഗണിക്കുകയും ചോക്കാട് പുഴയ്ക്ക് കുറുകേ പണിത ടി പാലം പൊളിച്ച് കളയുന്നതിന് ഉത്തരവുണ്ടാകുകയും പാലം നിർമ്മിച്ചവർ തന്നെ പാലം പഞ്ചായത്തിലേക്ക് വിട്ട് നൽകുകയും പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണെന്നും, പുഴയുടെ ആഴത്തിനോ വീതിക്കോ പരപ്പിനോ കുറവ് വരുത്തുകയോ കോട്ടം വരുത്തുകയോ ചെയ്യുന്ന തരത്തിൽ ആയിരുന്നില്ല വർഷങ്ങളായി തോട്ടംതൊഴിലാളികളുടെയും പൊതുജനങ്ങളുടെയും ഉപയോഗത്തിലിരുന്ന പാലം ഒലിച്ച് പോയത് പുതുക്കി പണിയുന്നതിനുള്ള തീരുമാനം എടുത്തിരുന്നതെന്നും ആയതിനാൽ അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിക്കുകയുണ്ടായി.

5. പ്രസ്തുത വിഷയത്തിൽ പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ ചോക്കാട് ഗ്രാമ പഞ്ചായത്തിലെ പന്നിക്കോട്ടുമുണ്ട എന്ന സ്ഥലത്ത് പുഴയുടെ ഇരുകരകളിലുമായി പി.റ്റി. ജോസഫ്, കെ.എം. സെബാസ്റ്റ്യൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റിലെ തൊഴിലാളികൾ എസ്റ്റേറ്റിലേക്ക് പോകാൻ ഉപയോഗിച്ചിരുന്ന ചോക്കാട് പുഴയ്ക്ക് കുറുകെയുള്ള തൂക്കുപാലം മഴവെള്ളപാച്ചിലിൽ ഒലിച്ച് പോയി. ഇതു മൂലം എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് എസ്റ്റേറ്റിലേക്ക് പോകാൻ കഴിയാത്ത സാഹചര്യമുണ്ടാവുകയും തുടർന്ന് എസ്റ്റേറ്റ് ഉടമകൾ ഗ്രാമപഞ്ചായത്തിനെ സമീപിച്ച് പാലം നിർമ്മിക്കാൻ അനുമതി നൽകുന്നതിന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച ചോക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 24/11/2018 ലെ 18(1) നമ്പർ തീരുമാന പ്രകാരം പാലം പുതുക്കി പണിയുന്നതിന് ഒരു വ്യവസ്ഥയും വെയ്ക്കാതെ, എസ്റ്റേറ്റ് ഉടമകളുടെ ചെലവിൽ പാലം പുതുക്കി പണിയുന്നതിന്, അംഗീകാരം നൽകുകയും ചെയ്തു.*

*24/11/2018 ലെ യോഗ മിനുട്സ് പരിശോധിച്ചതിൽ മേൽ തീരുമാനത്തിന് മെമ്പർമാർ ആരും വിയോജിപ്പ് പ്രകടിപ്പിച്ചിട്ടില്ല. 18 അംഗങ്ങളുള്ള പഞ്ചായത്തിൽ യോഗത്തിൽ പങ്കെടുത്ത മെമ്പർമാരിൽ 17 പേരും ഐകകണ്ഠ്യേനയായിരുന്നു തീരുമാനമെടുത്തത്. സെക്രട്ടറി മിനുട്സിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് അഭിപ്രായം രേഖപ്പെടുത്തിയിരുന്നില്ല. 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം സെക്ഷൻ 182(1) ഉപവകുപ്പ് പ്രകാരം പഞ്ചായത്തിന്റെ പരിഗണനയ്ക്ക് വരുന്ന ഏതൊരു സംഗതിയിലും സെക്രട്ടറിയുടെ അഭിപ്രായം രേഖപ്പെടുത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. 1995 ലെ കേരള പഞ്ചായത്ത് രാജ് Act പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ 5(4)ചട്ട പ്രകാരം പഞ്ചായത്തിന്റെ പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തിയ ഏതൊരു വിഷയത്തെ സംബന്ധിച്ചും ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി തീരുമാനമെടുക്കുന്നതിന് ആവശ്യമായ ഉപദേശം പഞ്ചായത്തിന് നൽകുവാൻ സെക്രട്ടറിക്ക് ബാധ്യതയുണ്ടെന്ന് അനുശാസിക്കുന്നുണ്ട്. അതിനനുസരിച്ചുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതിൽ സെക്രട്ടറിയുടെ ഭാഗത്ത് ജാഗ്രതക്കുറവുണ്ടായിട്ടുണ്ട്.*

*പിന്നീട് അനുമതിയില്ലാതെ നിർമ്മിച്ച പാലം പൊളിച്ച് മാറ്റുന്നതിന് മലപ്പുറം ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)No.15047/2021 നമ്പർ ഹർജിയിലെ 09/03/2023 തിയതിയിലെ അന്തിമ വിധിന്യായത്തിൽ ജില്ലാ കളക്ടറുടെയും പഞ്ചായത്തിന്റെയും നടപടികളെ റദ്ദ് ചെയ്തിട്ടുള്ളതും, ടി വിഷയം പുനഃപരിശോധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 02.11.2024 തീയതിയിൽ മലപ്പുറം ജില്ലാകളക്ടറുടെ ചേംബറിൽ ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ അവലോകന യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 218 (1) വകുപ്പ് പ്രകാരം കേരള സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിച്ച നദികൾ ഒഴികെ എല്ലാ പൊതുജലമാർഗ്ഗങ്ങളും നദികളുടെ തടങ്ങളും തീരങ്ങളും ചെറുപുഴകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണെങ്കിലും പുഴയുടെയോ നീർതടത്തിന്റെയോ ഏതെങ്കിലും ഭാഗം താത്കാലികമായോ സ്ഥിരമായോ അന്യാധീനപ്പെടുത്തരുതെന്ന് 25.09.2014 ലെ 41630/ആർ.സി.4./2014/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ടി പാലം നിലവിൽ പൊതുജനങ്ങൾക്ക് വളരെയധികം പ്രയോജനപ്രദമാണെന്നും, പുഴ കൈയേറിയല്ല പാലം നിർമ്മിച്ചതെന്നും, സ്വകാര്യ വ്യക്തിയിൽ നിന്നും പാലവും അപ്രോച്ച് റോഡും പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തിന് സ്വീകരിക്കാവുന്നതാണെന്നും, ആയതിനാൽ ടി വിഷയത്തിൽ 25.09.2014 ലെ 41630/ആർ.സി.4./2014.തസ്വഭവ നമ്പർ സർക്കുലറിന്റെ ലംഘനം ഉണ്ടായിട്ടില്ലെന്നും നിരീക്ഷിച്ച് കൊണ്ട് പ്രസ്തുത യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്.*

*1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 182(1), 1995 ലെ കേരള പഞ്ചായത്ത് രാജ് പഞ്ചായത്തിന്റെ യോഗ നടപടിക്രമ ചട്ടങ്ങളിലെ (4) ചട്ടവ്യവസ്ഥകൾക്കനുസൃതമായി നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതിൽ സെക്രട്ടറിയുടെ ഭാഗത്ത് ജാഗ്രതക്കുറവുണ്ടായിട്ടുണ്ട്. എന്നിരുന്നാലും പൊതുജനങ്ങൾക്ക് ഗുണകരമാകും എന്ന് ഉത്തമ വിശ്വാസം ഉണ്ടായിരുന്നതിനാലാണ് അഭിപ്രായം രേഖപ്പെടുത്താൻ കഴിയാതെ വന്നിട്ടുള്ളത് എന്ന വിശദീകരണം പരിഗണിക്കാവുന്നതാണ്. ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അവലോകന യോഗ മിനിട്സിൽ നിലമ്പൂർ തഹസിൽദാർ, ഇറിഗേഷൻ വകുപ്പ് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരുടെ അഭിപ്രായം ആയതു സാധുകരിക്കുന്നതുമാണ്. മേൽ സാഹചര്യത്തിൽ ശ്രീ. മൈക്കിൾ സി യുടെ വാദങ്ങളും ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിച്ച തുടർനടപടിയും കണക്കിലെടുത്ത് ടിയാനെതിരായ അച്ചടക്കനടപടി അനുഭാവപൂർവ്വം തീർപ്പാക്കാവുന്നതാണ്.*

**6.** മേൽ വിഷയവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയുടെ **09/03/2023** തീയതിയിലെ **WP(C)No.15047/2021** നമ്പർ കേസിന്റെ അന്തിമ വിധിന്യായത്തിൽ ടി പാലം നിർമ്മാണത്തിനെതിരെ ജില്ലാ കളക്ടറും, പഞ്ചായത്തും സ്വികരിച്ചിട്ടുള്ള നടപടികൾ റദ്ദ് ചെയ്യിട്ടുള്ളതാണ്.

**7.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ **182(1), 1995** ലെ കേരള പഞ്ചായത്ത് രാജ് **Act** പഞ്ചായത്തിന്റെ യോഗ നടപടിക്രമ ചട്ടങ്ങളിലെ **(4)** ചട്ടവ്യവസ്ഥകൾക്കനുസൃതമായി നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതിൽ സെക്രട്ടറിയായിരുന്ന ശ്രീ. മൈക്കിളിന്റെ ഭാഗത്ത് ജാഗ്രതക്കുറവുണ്ടായിട്ടുണ്ട് എങ്കിലും പൊതുജനങ്ങൾക്ക് ഗുണകരമാകും എന്ന് ഉത്തമ വിശ്വാസം ഉണ്ടായിരുന്നതിനാലാണ് പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്സിൽ അഭിപ്രായം രേഖപ്പെടുത്താൻ കഴിയാതെ വന്നിട്ടുള്ളത് എന്ന ടിയാന്റെ വിശദീകരണവും, ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗ മിനിട്സിൽ നിലമ്പൂർ തഹസിൽദാർ, ഇറിഗേഷൻ വകുപ്പ് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരുടെ അഭിപ്രായം മേൽ വിശദീകരണം സാധുകരിക്കുന്നു എന്നത് പരിഗണിച്ചും, ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിച്ച തുടർനടപടി കണക്കിലെടുത്തും മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. സി. മൈക്കിളിന് എതിരെ **KSR** പാർട്ട് **3** ചട്ടം **3**(എ) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും **500/-** രൂപ ഒരു വർഷക്കാലത്തേയ്ക്ക് കുറവ് ചെയ്യുന്നതിന് എടുത്ത താൽക്കാലിക തീരുമാനത്തിൽ ഇളവു വരുത്തി ടിയാനെതിരെ സർക്കാരിൽ തുടർന്നു വന്ന അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ്

പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. മൈക്കിൾ. സി, മുൻ സെക്രട്ടറി, ചോക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മലപ്പുറം.
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/103/2024/തസ്വഭവ. നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 04-02-2025 09:44:07
സെക്ഷൻ ഓഫീസർ